# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5845

## 19-11-2019 ൽ മറുപടിക്ക്

## പ്രവാസി ചിട്ടിക്ക് കിഫ്ബി പണം

| ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രവാസി ചിട്ടിക്ക് വേണ്ടി ഏതെങ്കിലും തരത്തിൽ കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിൽ എത്ര രൂപ വീതമെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രവാസി ചിട്ടിക്കുവേണ്ടി കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഈ തുക കെ.എസ്.എഫ്.ഇ. തിരിച്ച് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ എത്ര രൂപ നൽകിയെന്ന് അറിയിക്കാമോ; | പ്രവാസി ചിട്ടിക്ക് വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിലും ചിട്ടിയുടെ പ്രചാരണത്തിനും വേണ്ട ധനസഹായവും കിഫ്ബി നൽകി വരുന്നു. സാങ്കേതിക സംവിധാനങ്ങൾക്കായി 11.63 കോടി രൂപയും ആരംഭഘട്ട പ്രചാരണ പ്രവർത്തനങ്ങൾക്കായി 12.01 കോടി രൂപയും കിഫ്ബിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഈ വകയിൽ തുകകൾ ഒന്നുംതന്നെ കെ.എസ്.എഫ്.ഇയിൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. കെ.എസ്.എഫ്.ഇയിൽ നിന്നും ലഭിക്കുന്ന ബോണ്ടുകൾക്ക് നിലവിൽ ട്രഷറി ഫിക്സഡ് ഡിപ്പോസിറ്റിന്റെ പലിശനിരക്കാണ് നൽകി വരുന്നത്. ഇത് കിഫ്ബി വിപണിയിൽ നിന്ന് എടുക്കുന്ന ലോണുകൾക്ക് നൽകി വരുന്ന പലിശനിരക്കിനേക്കാൾ 1 മുതൽ 2 % കുറവാണ്. ഏകദേശം 10000 കോടി രൂപ കെ.എസ്.എഫ്.ഇ ചിട്ടിയിലൂടെ സമാഹരിക്കുന്നതിനായാണ് കിഫ്ബി ലക്ഷ്യമിടുന്നത്. ഇത്രയും ആദായ നിരക്കിൽ ഈ ബോണ്ടുകൾ കിഫ്ബിയ്ക്ക് ലഭിക്കുന്നതിനാൽ സാങ്കേതിക സംവിധാനങ്ങൾക്കും ആരംഭഘട്ട പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുക കിഫ്ബി വഹിക്കുന്നതായിരിക്കും ഉചിതം. |
| (സി) കിഫ്ബി, കെ.എസ്.എഫ്.ഇ.യുമായി ഇതിനുവേണ്ടി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത കരാർ ഉണ്ടാക്കിയതെന്ന് വെളിപ്പെടുത്താമോ ; | കിഫ്ബി ബോണ്ടുകളിൽ കെ.എസ്.എഫ്.ഇ യുടെ നിക്ഷേപവും അതിന്റെ തിരിച്ചടവും സംബന്ധിച്ച കരാറിൽ 01.06.2019 ന് ഇരു കക്ഷികളും ഏർപ്പെട്ടിട്ടുണ്ട്. ഇതിനു 01.11.2018 മുതൽ പ്രാബല്യമുണ്ട്. |
| (ഡി) പ്രവാസി ചിട്ടിക്കുവേണ്ടി കിഫ്ബി പണം ചെലവഴിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ? | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ പ്രവർത്തങ്ങൾക്കായി കിഫ്ബി 2017 മുതൽ ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ